# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **26**      09.03.2015-ൽ മറുപടിക്ക്

## ഭരണപരിഷ്കാര കമ്മീഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം.ഹംസ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) കേരളത്തിൽ നാളിതുവരെ ഭരണ പരിഷ്കാരത്തിനായി എത്ര കമ്മീഷനുകൾ രൂപീകരിച്ചു ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ; | (എ) | 1957-ൽ ശ്രീ.ഇ.എം.എസ് നമ്പൂതിരിപ്പാട് ചെയർമാനായും, 1965-ൽ ശ്രീ.എം.കെ. വെള്ളോടി ഐ.സി.എസ്സിന്റെ നേതൃത്വത്തിലും, 1997-ൽ ശ്രീ.ഇ.കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്ക്കാര കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകൾ ഏതെല്ലാം ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായി മൂന്നാമത് ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1,2,3.4.6.7,8,10,11,12,13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) ഇ-ഗവേണൻസിനു വേണ്ടി എന്തെല്ലാം നീക്കങ്ങളാണ് സംസ്ഥാനത്ത് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) | വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തി സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ കാര്യക്ഷമമായി ഇലക്ട്രോണിക്കായി നൽകുന്നതിനായി നിരവധി പദ്ധതികൾ |

ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വകുപ്പുകളുടെ കമ്പ്യൂട്ടറൈസേഷൻ, ഡാറ്റാ ഡിജിറ്റൈസേഷൻ, ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടി, സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനുപുറമെ സംസ്ഥാനത്തിന് പൊതുവായി ഉപയോഗ പ്പെടുത്താവുന്ന മർമ്മ പ്രധാനമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ കോമൺ സർവ്വീസ് സെന്റർ (സി.എസ്.സി), കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെ.എസ്.വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ (എസ്.ഡി.സി) എന്നിവ സംസ്ഥാനത്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. സർക്കാർ സേവന ങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുവാനായി ഇ-ഡിസ്ട്രിക്റ്റ്, ഇ-ഓഫീസ്, ഇ-പ്രൊക്യൂർമെന്റ്, ഇ-പേയ്മെന്റ് ഗേറ്റ് വേ, സർവ്വീസ് പ്ലസ്, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, എം.ഗവേണൻസ് തുടങ്ങിയ നിരവധി ഇ-ഗവേണൻസ് ഉദ്യമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്.

| | |
|---|---|
| (ഡി) ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ മാറ്റം വരുത്തേണ്ട ഓഫീസ് പ്രൊസീജ്യർ എന്തെല്ലാമാണെന്ന് പഠനം നടത്തി യിട്ടുണ്ടോ ; | (ഡി) യും (ഇ) യും സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുമ്പോൾ സെക്രട്ടേറിയറ്റ് ഓഫീസ് നടപടിക്രമ ങ്ങളിൽ വരുത്തേണ്ട പരിഷ്കാരങ്ങളെ |

(ഇ) ഓഫീസ് പ്രൊസീജ്യറിൽ ഭേദഗതി വരുത്തുവാനുള്ള നീക്കത്തിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

ക്കുറിച്ച് പഠിക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി ചെയർമാനും, വിവര സാങ്കേതികവിദ്യാ വകുപ്പ്, ധനകാര്യ വകുപ്പ്, പൊതുഭരണ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളിലെ അഡീഷണൽ സെക്രട്ടറിമാർ, ഐ.ടി. മിഷൻ ഡയറക്ടർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) കേരളത്തിലെ ഏതെല്ലാം വകുപ്പുകളിൽ എത്ര ശതമാനം ഇ-ഗവേണൻസ് പൂർത്തിയായി എന്ന് വ്യക്തമാക്കാമോ ; ഓരോ വകുപ്പിലേയും ശതമാനം വ്യക്തമാക്കാമോ ;

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിൽ ഏറ്റവും പുറകിൽ നിൽക്കുന്ന വകുപ്പ് ഏത്; കാരണം വിശദമാക്കാമോ ; ഇ-ഗവേണൻസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം എന്തെന്ന് വ്യക്തമാക്കാമോ ; ഇ-ഗവേണൻസ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

(ജി) മോട്ടോർ വാഹന വകുപ്പ്, വാണിജ്യ നികുതി വകുപ്പ്, നിയമ വകുപ്പ്, ആരോഗ്യ വകുപ്പ്, തൊഴിൽ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, എസ്.സി/എസ്.ടി. വകുപ്പ്, ട്രഷറി തുടങ്ങിയ വകുപ്പുകൾ ഇ-ഗവേണൻസ് രംഗത്ത് വളരെയേറെ മുന്നേറിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി, ചീഫ് സെക്രട്ടറി ചെയർമാനായ അപ്പക്സ് കമ്മിറ്റി എന്നിവ സംസ്ഥാന തലത്തിൽ

ഇ-ഗവേണൻസ് പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി (ഡി.ഇ.ജി.എസ്) സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈനായി സാധാരണ ജനങ്ങൾക്ക് വേണ്ടി ആവിഷ്ക്കരിച്ച സർവ്വീസ് പ്ലസ് എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി.ജി) എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. എസ്.എസ്.ഡി.ജി വഴിയുള്ള ആദ്യഘട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കി യിട്ടുണ്ട്. ഇതിനായി രൂപം നൽകിയ പോർട്ടൽ http://eservices.kerala.gov.in എന്ന വിലാസത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഈ പോർട്ടൽ വഴി വൊക്കേഷണൽ ഹയർ സെക്കന്ററി, ഗ്രാമവികസനം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ചുവടെ ചേർത്തിരിക്കുന്ന 6 സേവനങ്ങൾ നിലവിൽ ലഭ്യമാണ്.

| ക്രമ നമ്പർ | വകുപ്പ് | സേവനങ്ങൾ |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പുതിയ വാട്ടർ കണക്ഷനുള്ള അപേക്ഷ |
| 2 | വൊക്കേഷണൽ ഹയർ സെക്കന്ററി | മൈഗ്രേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 3 | വൊക്കേഷണൽ ഹയർ സെക്കന്ററി | തുല്യതാ സർട്ടിഫിക്കറ്റിനുള്ള് അപേക്ഷ |
| 4 | വൊക്കേഷണൽ ഹയർ സെക്കന്ററി | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 5 | ഗ്രാമ വികസനം | എൻ .ആർ.ഇ.ജി.എ ജോലികൾക്കുള്ള അപേക്ഷ |
| 6 | ഗ്രാമ വികസനം | ഐ.എ.വൈ. അപേക്ഷ |

ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി നൽകിവരുന്ന സേവനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.

മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, രജിസ്ട്രേഷൻ, തദ്ദേശ സ്വയംഭരണം, ട്രഷറി, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ നിരവധി സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ... ലഭ്യമാണ്